(സി) കുഴൽമന്ദം, ആര്യനാട്, കഴക്കൂട്ടം (വർക്ക്ഷോപ്പ്) എന്നീ ഐ.ടി.ഐ.-കൾ.

(ഡി) ഈ ജോലികൾ പൂർത്തീകരിക്കാൻ പി.ഡബ്ല്യു.ഡി.-യിൽ നിരന്തരം സമ്മർദ്ദം ചെലുത്തുന്നുണ്ട്.

ഐ.ടി.ഐ.-കളിൽ നിർത്തലാക്കിയവയ്ക്ക് പകരം ആരംഭിച്ചിട്ടുള്ള കോഴ്സുകൾ

45 [1348] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ നിലവിലുള്ള ഏതെങ്കിലും കോഴ്സുകൾ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ അപ്രകാരം എത്ര കോഴ്സുകൾ ഏതെല്ലാം ഐ.ടി.ഐ.-കളിൽ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കോഴ്സുകൾ നിർത്താലാക്കാനുള്ള കാരണം അറിയിക്കാമോ;

(സി) നിർത്തലാക്കിയ കോഴ്സുകൾക്ക് പകരം പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം ഐ.ടി.ഐ.-കളിൽ എത്ര കോഴ്സ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) വിദ്യാർത്ഥികളുടെ വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് നിർത്തലാക്കിയ കോഴ്സുകൾ പുനഃസ്ഥാപിക്കാനും പുതിയ കോഴ്സുകൾ അനുവദിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ജോലി സാദ്ധ്യത കുറഞ്ഞതുമൂലം സംസ്ഥാനത്ത് ധനുവച്ചപുരം, ചാക്ക, ആറ്റിങ്ങൽ, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കളമശ്ശേരി, ചാലക്കുടി എന്നീ ഐ.ടി.ഐ.-കളിൽ ഉണ്ടായിരുന്ന ഓരോ കോഴ്സുകൾ നിർത്തലാക്കിയിട്ടുണ്ട്.

(ബി) ജോലിസാദ്ധ്യതകൾ കുറവായതിനാലും മാറിവരുന്ന കാലഘട്ടത്തിന് അനുസൃതമായ തൊഴിൽ സാദ്ധ്യതയുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനും വേണ്ടിയാണ് കാലഹരണപ്പെട്ട ചില കോഴ്സുകൾ നിർത്തലാക്കിയത്.

(സി) ഉണ്ട്.

(ഡി) ധനുവച്ചപുരം ഐ.ടി.ഐ.-യിൽ രണ്ട് ദീർഘകാല കോഴ്സുകളും ചാക്ക, ഏറ്റുമാനൂർ എന്നീ ഐ.ടി.ഐ.-കളിൽ ഓരോ ദീർഘകാല കോഴ്സും ഓരോ ഹ്രസ്വകാല കോഴ്സും ആറ്റിങ്ങൾ, ചെങ്ങന്നൂർ, ചാലക്കുടി എന്നീ ഐ.ടി.ഐ.-കളിൽ ഓരോ ദീർഘകാല കോഴ്സുകളും കളമശ്ശേരി ഐ.ടി.ഐ.-യിൽ ഒരു ഹ്രസ്വകാല കോഴ്സും പുതുതായി ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നിർത്തലാക്കിയ കോഴ്സുകൾക്ക് വിദ്യാർത്ഥികളെ ലഭിക്കുന്നതിനുള്ള ദുർലഭ്യം കാരണവും ജോലി സാദ്ധ്യത കുറവായതിനാലും ഇത് പുനഃസ്ഥാപിക്കാൻ കഴിയില്ല. പകരം ജോലി സാദ്ധ്യത കൂടുതലുള്ള പുതിയ കോഴ്സുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇ.എസ്.ഐ. മുഖേനയുള്ള ചികിത്സാസഹായം നൽകുന്നതിലെ കാലതാമസം

46 [1349] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ആശുപത്രികളിലെ ചികിത്സയ്ക്ക് നൽകിവരുന്ന മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യവും, ചികിത്സയ്ക്കുള്ള അഡ്വാൻസും അനുവദിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം തൊഴിലാളികൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ;

(സി) കാലതാമസം ഒഴിവാക്കുവാൻ ഇക്കാര്യത്തിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫണ്ടിന്റെ അപര്യാപ്തതമൂലം വർഷങ്ങളായി കുടിശ്ശിക നിലവിലുണ്ടായിരുന്നതിനാലാണ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് നൽകാൻ കാലതാമസം ഉണ്ടായിരുന്നത്. ഇത് പരിഹരിക്കാനായി 2003-2004 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കുകയും പ്രസ്തുത തുക വിതരണം ചെയ്യുകയും ചെയ്തു. 2004-2005 സാമ്പത്തിക വർഷത്തിൽ കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർക്കുവാനുള്ള തുക അനുവദിക്കുകയും ആയത് കൊടുത്തുതീർക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ചികിത്സയ്ക്ക് അഡ്വാൻസ് നൽകുന്നത് ഇ.എസ്.ഐ. കോർപ്പറേഷന്റെ റിവോൾവിംഗ് കോർപ്പസ് ഫണ്ടിൽ നിന്നാണ്. പ്രസ്തുത ഫണ്ടിൽ തുകയുടെ അപര്യാപ്തതയാണ് അഡ്വാൻസ് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാക്കുന്നത്. കൂടുതൽ തുക ഈ ഇനത്തിൽ വക കൊള്ളിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള നടപടിക്രമങ്ങൾ ലളിതവും നിയമാനുസൃതവും ഫണ്ടിന്റെ ശരിയായ വിനിയോഗത്തിന് അനിവാര്യവുമാണ്.

LIBRARY ARCHIVES Kerala Legislative Assembly